കൂടാലപ്പാട് വ്യാപാരിയുടെ മാല പൊട്ടിച്ച കേസ്സിൽ പ്രതികൾ അറസ്റ്റിൽ. കറുകുറ്റി മരങ്ങാടം പള്ളിക്ക് സമീപം മാളിയേക്കൽ വീട്ടിൽ ലൈജു ആൻറണി (46), തുറവൂർ ആനപ്പാറ പള്ളിക്ക് സമീപം പാലാട്ടി വീട്ടിൽ ലിജോ വർഗ്ഗീസ് (40) എന്നിവരെയാണ് കോടനാട് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ വെള്ളിയാഴ്ച വൈകീട്ട് നാലു മണിയോടെ കൂടാലപ്പാട് കൊടുവേലിപ്പടി ഭാഗത്ത് റേഷൻ കടയുടെ അകത്തേക്ക് അതിക്രമിച്ച് കയറി ഉടമസ്ഥനായ കൃഷ്ണൻകുട്ടിയുടെ മൂക്കും വായും പൊത്തിപ്പിടിച്ച് ഷർട്ടിൻറെ പോക്കറ്റിൽ നിന്ന് പണം തട്ടിയെടുക്കാൻ ശ്രമിക്കുകയായിരുന്നു. ഇത് എതിർത്തപ്പോൾ കഴുത്തിൽ കിടന്ന സ്വർണ്ണ മാല പൊട്ടിച്ചെടുത്ത് പ്രതികൾ കാറിൽ രക്ഷപ്പെട്ടു. തുടർന്ന് ഒളിവിൽ പോയ ഇവരെ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്കിൻറെ മേൽനോട്ടത്തിൽ രൂപികരിച്ച പ്രത്യേക അന്വേഷണ സംഘം അത്താണിയിൽ നിന്നുമാണ് അറസ്റ്റ് ചെയ്തത്. ലൈജുവിനെതിരെ അങ്കമാലി പോലീസ് സ്റ്റേഷനിലും, ലിജോക്കെതിരെ കാലടി പോലീസ് സ്റ്റേഷനിലും കേസ്സുകൾ ഉണ്ട്. പെരുമ്പാവൂർ ഡി വൈ എസ്പി എൻ.ആർ.ജയരാജ്, കോടനാട് ഇൻസ്പെക്ടർ എ.അനന്തകൃഷ്ണൻ, സബ് ഇൻസ്പെക്ടർമാരായ പി.എസ്.സുബൈർ, എൻ.രാജേന്ദ്രൻ, കാലടി എസ്. ഐ. പ്രശാന്ത്, അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ അബ്ദുൾ സത്താർ സിവിൽ പോലീസ് ഓഫീസർമാരായ നജാഷ്, വിനോദ്, പ്രസീൻ, സാബു എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.